പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6398 — 03.04.2018-ന് മറുപടിയ്ക്ക്

## പെരുന്തേനരുവി - പെരിനാട് റോഡിന്റെ വികസനത്തിന് വന ഭൂമി

ചോദ്യം

ശ്രീ. രാജു എബ്രഹാം

മറുപടി

ശ്രീ.കെ.രാജു

(ബഹു. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പെരുന്തേനരുവി - പെരിനാട് റോഡിന്റെ ചണ്ണ മുതൽ പെരുന്തേനരുവി വരെയുള്ള ഭാഗം വികസിപ്പിക്കുന്നതിനായി വനഭൂമി വിട്ടു കിട്ടുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ അപേക്ഷ വനം വകുപ്പിന് ലഭിച്ചിട്ടുണ്ടോ; എന്നാണ് അപേക്ഷ ലഭിച്ചതെന്നറിയിക്കാമോ; | (എ) | പെരുന്തേനരുവി-പെരിനാട് റോഡിന്റെ പുനരുദ്ധാരണത്തിനായി വനഭൂമി വിട്ടുകിട്ടുന്നതിന് 1980 ലെ വന സംരക്ഷണ നിയമം സെക്ഷൻ 2 പ്രകാരം കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഓൺ ലൈനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. 28.12.2016 നാണ് അപേക്ഷ ലഭ്യമായിട്ടുള്ളത്. |
| (ബി) | എത്ര വനഭൂമിയാണ് ഇതിനായി വിട്ടുനൽകേണ്ടി വരികയെന്നും ഇതുസംബന്ധിച്ചുള്ള ഫയൽ ഇപ്പോൾ ആരുടെ പക്കലാണ് ഉള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | 0.93 ഹെക്ടർ വനഭൂമി വിട്ടുകിട്ടുന്നതിനായാണ് പൊതുമരാമത്ത് വകുപ്പ് പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളത്. പ്രസ്തുത പ്രൊപ്പോസലിൽ വനം വകുപ്പ് ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരങ്ങളും കുറവുകളും പരിഹരിച്ച് സമർപ്പിക്കുന്നതിന് 29.12.2016, 04.01.2017, 05.01.2017, 29.05.2017, 02.09.2017 എന്നീ തീയതികളിൽ പൊതുമരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഓൺലൈനായി ആവശ്യപ്പെട്ടിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പ്രൊപ്പോസലിലെ കുറവുകൾ പരിഹരിച്ച് യൂസർ ഏജൻസിയായ പൊതുമരാമത്ത് വകുപ്പ് ഫയൽ ഓൺലൈനിൽ നാളിതുവരെ തിരികെ ലഭ്യമാക്കിയിട്ടില്ല. |
| (സി) | ഭൂമി വിട്ടുനൽകുന്നതിനായി എത്ര രൂപയാണ് ലഭിക്കേണ്ടത്; ഭൂമി വിട്ടുനൽകുന്നതിന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ആവശ്യമുണ്ടോ; ഇത് ലഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ ? | (സി) | വനഭൂമി വിട്ടുനൽകുന്നതിനായി നെറ്റ് പ്രസന്റ് വാല്യൂ കണക്കാക്കുന്നത് പ്രസ്തുത വനഭൂമിയുടെ ഇക്കോ വാല്യൂവിന്റെ അടിസ്ഥാനത്തിലാണ്. വിട്ടു നൽകേണ്ട വനഭൂമി പരിശോധിച്ച ശേഷം മാത്രമേ ആയത് തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ. പ്രൊപ്പോസലിന് അനുമതി ലഭിച്ചു കഴിഞ്ഞാൽ മാത്രമേ നെറ്റ് പ്രസന്റ് വാല്യൂ (NPV) കണക്കാക്കാൻ കഴിയുകയുള്ളൂ. റോഡ് വികസനമുൾപ്പെടെ 13 ഇന വികസനാവശ്യങ്ങൾക്കായി ഒരു ഹെക്ടറിൽ താഴെ വനം ആവശ്യം വരുന്ന സാഹചര്യങ്ങളിൽ നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകുന്നതിന് സംസ്ഥാന സർക്കാരുകളെ അധികാരപ്പെടുത്തിയിട്ടുണ്ട്. യൂസർ ഏജൻസിയിൽ നിന്നും ഓൺലൈൻ പ്രൊപ്പോസൽ തിരികെ ലഭിച്ചെങ്കിൽ മാത്രമേ തുടർ നടപടി സാധ്യമാകൂ. |

സെക്ഷൻ ഓഫീസർ